
പി.ജെ.ജെയിംസ്

# വിഴിഞ്ഞം

## അദാനിയുടെ കുംഭവീർപ്പിക്കുന്ന ദേശദ്രോഹ പദ്ധതി




**കേ**ന്ദ്രത്തിലെ മോദി ഭരണത്തിന്റെ തണലിൽ കേരളത്തിലെ ഉമ്മൻ ഭരണത്തെ വിലക്കെടുത്തും സിപിഐ (എം) നയിക്കുന്ന പ്രതിപക്ഷത്തെ നിശ്ശബ്ദരാക്കിയും മുഴുവൻ കോർപ്പറേറ്റ് മീഡിയയെയും വരുതിയിലാക്കിയും ഗൗതം അദാനി അടിച്ചെടുത്ത വിഴിഞ്ഞം തുറമുഖ പദ്ധതി വികസനത്തിന്റെ മായാജാലം കൊണ്ടുവരുമെന്നാണ് നിക്ഷിപ്ത കേന്ദ്രങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഈ പ്രചരണത്തിന് വസ്തുതകളുടെ പിൻബലമില്ലെന്ന് ആവർത്തിച്ച് ചൂണ്ടിക്കാട്ടുന്നതിനാണ് ഈ കുറിപ്പ്. നിർദ്ദിഷ്ട വിഴിഞ്ഞം പദ്ധതി ഇപ്പോൾ

പുറത്തു വന്നിട്ടുള്ള ധാരണ പ്രകാരം നടപ്പാക്കുകയാണെങ്കിൽ അതു കേരളത്തിലെ പരിസ്ഥിതിക്കും മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥക്കും കൊടിയ വിനാശം വരുത്തി വെക്കുകയും കേരളം ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന കടപ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുകയും ചെയ്യും. വിഴിഞ്ഞം പ്രദേശത്തെ അരലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ അഭയാർത്ഥികളാകുകയും അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിനു പേർ ജീവിതോപാധികൾക്കായി പലായനം ചെയ്യേണ്ടതായും വരും. 100 ലക്ഷം ടണ്ണോളം കരിങ്കല്ല് കടൽഭിത്തി പുലിമുട്ട് നിർമ്മാണത്തിനും കെട്ടിട സമുച്ചയങ്ങൾക്കും വേണ്ടിവരുമെന്നതിനാൽ തിരുവനന്തപുരം ജില്ലയിലെയും അയൽ ജില്ലകളിലെയും അവശേഷിക്കുന്ന കുന്നുകൾ പോലും ഇടിച്ചു നിരത്തേണ്ടി വരും. ഇതെല്ലാം സൃഷ്ടിക്കുന്ന പരിസ്ഥിതിവിനാശം കൊടിയ ദുരന്തത്തിലേക്കു കേരളത്തെ തള്ളിവിടും. വല്ലാർപാടത്തു സംഭവിച്ചതു പോലെ, നിലവിലുള്ള ആഗോളസാഹചര്യത്തിൽ വിഴിഞ്ഞം തുറുമുഖപദ്ധതി സാമ്പത്തികമായി തികഞ്ഞ പരാജയമായി രേഖപ്പെടുത്തപ്പെടും. ഇതിനിടയിൽ പ്രധാനമായും റിയൽ എസ്റ്റേറ്റ് ഇടപാടുകളിലൂടെയും വിഴിഞ്ഞം പ്രദേശത്തിന്റെ ഉടമസ്ഥതയിലൂടെയും അദാനിയുടെ കോർപ്പറേറ്റ് സാമ്രാജ്യം ഇനിയും വികസിക്കും. വിഴിഞ്ഞം ഒരു പ്രത്യേക സാമ്പത്തിക മേഖലയാക്കി പ്രഖ്യാപിക്കപ്പെടുന്നതോടെ, സംസ്ഥാന ഭരണത്തിനോ നിയമസംവിധാനങ്ങൾക്കോ പോലീസിനോ പ്രവേശനമില്ലാത്ത ഒരു അതിരിക്തദേശീയാധികാര (extra - territorial) പ്രദേശമായി വിഴിഞ്ഞം മാറും. ആത്യന്തികമായി ദേശദ്രോഹവും ജനങ്ങളെ സംബന്ധിച്ചിടത്തോളം കൊടിയ വിനാശവുമായിരിക്കും വിഴിഞ്ഞത്തിന്റെ ബാക്കി പത്രം. ഈ സന്ദർഭത്തിൽ പ്രസക്തമായ ചില കാര്യങ്ങൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**അദാനി കടന്നുവരുന്നത്**

ഒട്ടേറെ പരിമിതികളോടെയെങ്കിലും രാജ്യത്തു നിലവിലുള്ള തൊഴിൽ പരിസ്ഥിതി നിയമങ്ങൾ പാലിച്ച് തൊഴിലവസരങ്ങളും ഉല്പാദനവും വികസിപ്പിച്ച് സമ്പദ്ഘടനയെ ശക്തിപ്പെടുത്തുകയെന്ന സാമ്പത്തികനയം പാടെ കുഴിച്ചുമൂടി, രാജ്യത്തെ തൊഴിൽ - പരിസ്ഥിതി നിയമങ്ങളെല്ലാം ലംഘിച്ച് ഭൂമിയും പ്രകൃതി വിഭവങ്ങളും കൈക്കലാക്കിയും ഓഹരി അവധി വ്യാപാര - ഊഹക്കച്ചവട റിയൽ എസ്റ്റേറ്റ് മേഖലകൾ വികസിപ്പിച്ചും സമ്പത്ത് സമാഹരിക്കുക എന്ന കോർപ്പറേറ്റ്വൽക്കരണത്തിന്റെ പശ്ചാത്തലത്തിലാണ് രണ്ടു ദശാബ്ദങ്ങൾക്ക് മുമ്പ് കേട്ടുകേൾവി പോലുമില്ലാത്ത അദാനി എന്ന കമ്പനി രംഗത്തു വരുന്നത്. മുൻകാലത്ത് രാജ്യസമ്പത്തും ജനങ്ങളുടെ നികുതിപ്പണവും ഉപയോഗിച്ച് കെട്ടിപ്പൊക്കിയ പൊതുമേഖലാ സംരംഭങ്ങൾ തുച്ഛവിലയ്ക്കു കോർപ്പറേറ്റുകൾക്ക് കൈമാറിയതിനൊപ്പം ജനങ്ങളുടെ നികുതിപ്പണവും രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങളും ഭൂമിയും പൊതുമേഖലാ ബാങ്കുകളിലെ ലക്ഷക്കണക്കിനു കോടി രൂപ വരുന്ന നിക്ഷേപങ്ങളും കോർപ്പറേറ്റുകൾക്ക് കൈമാറി അവരെ തടിച്ചുകൊഴിപ്പിക്കുന്ന പൊതുസ്വകാര്യ പങ്കാളിത്ത (public - private - partnership) പദ്ധതികൾ വ്യാപകമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. ലോകത്തെ ഏറ്റവും വലിയ പിപിപി കമ്പോളമാക്കി ഇന്ത്യയെ മാറ്റുകയാണ് ബിജെപി സർക്കാരിന്റെ ദൗത്യമെന്ന് അതിന്റെ ബജറ്റു രേഖകൾ തന്നെ വ്യക്തമാക്കുന്നു. പിപിപി എന്ന ദേശദ്രോഹ ഏർപ്പാടിനോട് വിയോജിപ്പില്ലാത്തതുകൊണ്ടാണ് അദാനിയുടെ വിഴിഞ്ഞം പദ്ധതിയോട് ഒരു നിലപാടുമെടുക്കാൻ കഴിയാതെ നിസ്സംഗരായ കാഴ്ചക്കാരായി നിൽക്കാൻ സിപിഐ(എം) വിധിക്കപ്പെട്ടത്.

1988 ൽ ചരക്കു വ്യാപാര രംഗത്തെ ഒരു സാധാരണ ഊഹക്കച്ചവടക്കാരനായി പ്രവർത്തനമാരംഭിച്ച അദാനി ഒരു കമ്പനി ആയി രജിസ്റ്റർ ചെയ്യുന്നത് 1994 - ൽ മാത്രമാണ്. എന്നാൽ, കൊളോണിയൽ കാലം മുതൽ ഇന്ത്യയിൽ വളർന്നു വികസിച്ച പേരുകേട്ട പല കുത്തകകളെയും പിന്തള്ളി ഇന്ത്യയിലെ ശതകോടി - കോർപ്പറേറ്റ് കമ്പനികളുടെ മുൻനിരക്കാരനാക്കി അദാനിയെ മാറ്റിയത് കോർപ്പറേറ്റ് പിമ്പുകളും കമ്മീഷൻ ദാഹികളുമായ ഇന്ത്യൻ രാഷ്ട്രീയ നേതൃത്വങ്ങളുടെയും ഉദ്യോഗസ്ഥ മേധാവികളുടെയും ഒത്താശയോടെ രാജ്യസമ്പത്ത് അടിച്ചെടുക്കാൻ കഴിഞ്ഞത് ഒന്നുകൊണ്ടുമാത്രമാണ്. വിസ്താരഭയത്താൽ വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. ഏതാനും സൂചനകൾ മാത്രമാണ് ഇവിടെ നൽകുന്നത്. വളരെ ചുരുക്കി പറഞ്ഞാൽ നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന ഒരു ദശാബ്ദക്കാലം ലോകകുത്തകപട്ടികയിലേക്കുള്ള അദാനിയുടെ വളർച്ചയുടെ സുവർണകാലമായിരുന്നു. ഫോർബ്സ് മാസിക നടത്തിയ പഠനമനുസരിച്ച്, കൃത്യമായി പറഞ്ഞാൽ 2002 നും 2013 നുമിടയിൽ അദാനിയുടെ കോർപ്പറേറ്റ് സാമ്രാജ്യം 13 ഇരട്ടി (1300 ശതമാനം) കണ്ടാണ് കുതിച്ചുയർന്നത്. ഇന്ത്യയിലെന്നല്ല, ലോകത്തൊരിടത്തും ഒരു കൊള്ളിമീൻ പോലെ ഇത്ര ഹ്രസ്വമായ ഒരു കാലയളവിൽ ഇത്രമാത്രം സമ്പത്തു വർദ്ധിപ്പിച്ച ഒരു കോർപ്പറേറ്റ് കമ്പനിയും ഉണ്ടായിട്ടില്ല. പ്രധാനമന്ത്രിയാകുന്നതുവരെ മോദി ഉപയോഗിച്ചിരുന്നത് അദാനിയുടെ വിമാനമായിരുന്നു. 2013 ൽ ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ, ഗോവയിൽ വെച്ചു നടന്ന അദാനിയുടെ മകന്റെ വിവാഹത്തിന് ഒരു കാരണവരെ പോലെ രണ്ടു ദിവസം മുഴുവൻ അതിഥി സൽക്കാരത്തിനു നേതൃത്വം കൊടുത്തുകൊണ്ട് മോദി സന്നിഹിതനായിരുന്നു. ഇക്കാലയളവിൽ ഗുജറാത്തിലെ കച്ച് ഉൾക്കടലും മുദ്ര പോർട്ടുമായി ബന്ധപ്പെട്ട 20000 ഏക്കറോളം പ്രദേശങ്ങളും അദാനിയുടെ സ്വന്തമായിക്കഴിഞ്ഞിരുന്നു. ഇതുകൂടാതെ ദരിദ്ര കർഷകരും മീൻ പിടുത്തക്കാരുമായ ഗ്രാമീണരുടെ 3000 ഏക്കറോളം ഭൂമി അദാനി കവർന്നെടുക്കുകയും ചെയ്തു. ഈ പ്രദേശങ്ങളിൽ അദാനിയുടെ പ്രത്യേക സാമ്പത്തിക മേഖല (SEZ) രൂപം കൊണ്ടിരിക്കുന്നത് രാജ്യത്തു നിലവിലുള്ള നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരിസ്ഥിതി ആഘാതപഠനങ്ങൾ പോലും നടത്താതെയാണ്. അദാനി പോർട്ട്സ് സ്പെഷ്യൽ ഇക്കണോമിക് സോൺ പ്രവർത്തിക്കുന്നത് പരിസ്ഥിതി ആഘാത പഠനങ്ങൾ ഇല്ലാതെയാണെന്നു കണ്ടെത്തിയതെ തുടർന്ന് ഗുജറാത്ത് ഹൈക്കോടതി അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ ഉത്തരവിട്ടു. എന്നാൽ സുപ്രീംകോടതി പ്രവർത്തനാനുമതി അനുവദിക്കുകയും സമയബന്ധിതമായി പരിസ്ഥിതി ക്ലിയ

റൻസ് നേടിയിരിക്കണമെന്ന് അദാനിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. യുപിഎ ഭരണത്തിന്റെ അവസാനനാളുകളിൽ ഇതിനുള്ള ശ്രമങ്ങൾ അദാനി നടത്തിയെങ്കിലും 2014 ൽ തന്റെ 'മെന്റർ' കൂടിയായ മോദി പ്രധാനമന്ത്രിയാകുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. പ്രധാനമന്ത്രി പദമേറ്റെടുത്ത് രണ്ടു മാസത്തിനുള്ളിൽ, അതായത് 2014 ജൂലൈ മാസം അദാനിക്ക് ആവശ്യമായ പരിസ്ഥിതി ക്ലിയറൻസ് മോദി നൽകുകയുണ്ടായി. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി വിഷയത്തിൽ ചില കേസ്സുകളും മറ്റും നടക്കുമ്പോൾ ഇക്കാര്യം ഓർമ്മവെക്കുന്നത് നന്നായിരിക്കും.

മോദിക്കു പ്രിയപ്പെട്ടവനായ അദാനിയോട് കോൺഗ്രസ്സ് നേതൃത്വത്തിന് താല്പര്യം കുറയുക സ്വാഭാവികം. സാമ്പത്തിക നയങ്ങളിൽ ഒരേ തൂവൽപക്ഷികളാണെങ്കിലും ഭരണവർഗ്ഗങ്ങൾക്കിടയിലെ വൈരുദ്ധ്യമായി ഇതിനെ കണ്ടാൽ മതി. എന്നാൽ കേരളത്തിലെ ഉമ്മൻ ചാണ്ടിയാകട്ടെ പത്തു കാശു തടയുമെന്നു കണ്ടാൽ ഹൈക്കമാന്റിനെ മറികടന്നും അതിനു ശ്രമിക്കുന്ന ആളാണെന്ന് ബിജെപിക്കും മോദിക്കും നേരത്തെ അറിയാം. മോദിയുടെ ഗുജറാത്തിൽ തൊഴിലാളികളെയും പരിസ്ഥിതി പ്രവർത്തകരെയും കൈകാര്യം ചെയ്യുന്നതെപ്പറ്റി പഠിച്ചു വരാൻ കാബിനറ്റ് മന്ത്രിമാരെത്തന്നെ അവിടേക്ക് ഉമ്മൻചാണ്ടി പറഞ്ഞുവിട്ടത് യുപിഎ ഭരണത്തിൽ സോണിയാഗാന്ധി പരമാധികാരം കൈയാളിയിരുന്ന കാലത്തുതന്നെയായിരുന്നല്ലോ. എന്നാൽ മോദി കേന്ദ്രത്തിൽ അധികാരത്തിലെത്തുകയും കോൺഗ്രസ്സ് ഹൈക്കമാന്റ് ലോക്കമാന്റായി തരംതാഴുകയും ചെയ്തതോടെ മോദിയുമായി ബാന്ധവം സ്ഥാപിക്കാൻ ഉമ്മൻ ചാണ്ടിക്ക് പിന്തിരിഞ്ഞു നോക്കേണ്ടി വന്നില്ല. ബജറ്റു പോലും വിറ്റ് കാശുണ്ടാക്കുന്നത് കലയാക്കി വികസിപ്പിച്ച് അഴിമതിയിൽ പുതഞ്ഞു നാറുന്ന മാണിയെത്തന്നെ ചരക്കുസേവനനികുതി നടപ്പാക്കാനുള്ള ഉന്നതാധികാര സമിതിയുടെ ചെയർമാനായി മോദി നിയമിച്ചത് കോർപ്പറേറ്റ് വികസനത്തിലും അതുമായി ബന്ധപ്പെട്ട ഇടപാടുകളിലും ബിജെപിയും കോൺഗ്രസ്സും കേരള കോൺഗ്രസ്സുമെല്ലാം പങ്കുകാരാണെന്നതിന്റെ തെളിവാണെന്ന് വീണ്ടും ഇവിടെ ആവർത്തിക്കേണ്ടതില്ല.

ഈ പുതിയ രാഷ്ട്രീയ സാഹചര്യത്തിലാണ് അച്യുതാനന്ദൻ ഭരണകാലത്ത് വിഴിഞ്ഞത്തിൽ കണ്ണുവച്ചു തുടങ്ങിയ അദാനി ഉമ്മൻ ഭരണം അവസാനിക്കുന്നതിനുമുമ്പ് കേന്ദ്രഭരണത്തിലെ സ്വാധീനമുപയോഗിച്ച് ഡെൽഹിയിൽ കെ വി തോമസിന്റെ വസതിയിൽ വെച്ച് ഡീലുറപ്പിച്ചത്. പിപിപി മോഡലിനോടും കോർപ്പറേറ്റ്വൽക്കരണത്തോടും അടിസ്ഥാനപരമായി ഒരു വിയോജിപ്പുമില്ലാത്ത സിപിഐ(എം) നേതൃത്വം പദ്ധതിയിൽ സുതാര്യതയില്ലായ്മയും അഴിമതിയും ആരോപിച്ച് ഒതുങ്ങിക്കൊള്ളുമെന്നും ഉമ്മൻചാണ്ടിക്ക് അറിയുകയും ചെയ്യാം. അങ്ങനെയാണ് അദാനിക്ക് മാത്രം പങ്കെടുക്കാവുന്നവിധം വിഴിഞ്ഞം പദ്ധതി സാമ്പത്തികമായി നഷ്ടമാണെന്നു വരുത്തിത്തീർക്കുന്ന ടെൻഡർ വ്യവസ്ഥകൾ ഉൾപ്പെടുത്തി ലേലംവിളി നടത്തിയത്. ഇതുവഴി മറ്റ് പല കമ്പനികളെയും വിദഗ്ധമായി ഒഴിവാക്കുന്നതിൽ മോദി – ചാണ്ടി – അദാനി ത്രയം വിജയിച്ചു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും അദാനിയുടെയും കോർപ്പറേറ്റ് മാധ്യമങ്ങളുടെയും ആസൂത്രിതമായ കരുനീക്കങ്ങളിലൂടെ അപ്രകാരം സ്വന്തം സമ്പത്ത് പലമടങ്ങു വർദ്ധിപ്പിക്കാവുന്ന വിഴിഞ്ഞം പദ്ധതി അദാനി കൈവശപ്പെടുത്തിയിരിക്കുന്നു.

**തുടക്കം തന്നെ കൊള്ളയിൽ**

മുമ്പു പലതവണ സൂചിപ്പിച്ചിട്ടുള്ളതുപോലെ, 7525 കോടിരൂപ മുടക്കുമുതൽ കണക്കാക്കിയിരിക്കുന്ന വിഴിഞ്ഞം പിപിപി പദ്ധതി വ്യവസ്ഥകൾ സാമ്പത്തിക രംഗത്ത് ഇതുവരെ കേട്ടിട്ടില്ലാത്ത അപൂർവങ്ങളിൽ അപൂർവമായ ഒന്നാണ്. ഇതിൽ അദാനിയുടെ മുടക്കുമുതൽ ആയി കണക്കാക്കുന്നത് 2454 കോടി രൂപയാണ്. അതായത് ഏകദേശം 31 ശതമാനം. സർക്കാർ മുടക്കുന്നത് 5071 കോടി രൂപയാണ്. മോദി സർക്കാർ അദാനിക്കു നൽകുന്ന 818 കോടി രൂപയും കേരള സർക്കാർ നൽകുന്ന 817 കോടി രൂപയും ഉൾപ്പെടുന്ന 1635 കോടി രൂപ ലാഭക്ഷമതാഘടകം എന്ന നിലയിൽ അദാനിക്ക് ഗ്രാന്റായി ലഭിക്കും. അദാനിക്കു കൊടുക്കുന്ന ഗ്രാന്റും പദ്ധതിക്കു മുടക്കുന്ന തുകയുമടക്കം മൊത്തം പദ്ധതിച്ചെലവിന്റെ 69 ശതമാനം സംസ്ഥാന സർക്കാർ കേരളത്തിലെ ജനങ്ങളെ പിഴിഞ്ഞെടുത്തോ ബാഹ്യ കേന്ദ്രങ്ങളിൽ നിന്ന് കടമെടുത്തോ കണ്ടെത്തേണ്ടി വരും. ഉമ്മൻ ഭരണം അധികാരത്തിലെത്തുമ്പോൾ 80000 കോടി രൂപയോളമായിരുന്ന കേരളത്തിന്റെ പൊതുകടം ഇപ്പോൾ നേരെ ഇരട്ടിയായി വർദ്ധിച്ച് 160000 കോടി രൂപയോളമായിരിക്കുന്നു. ഓരോ കേരളീയന്റെയും പ്രതിശീർഷകടം അരലക്ഷം രൂപയായിരിക്കുന്നു. അദാനിക്കും മറ്റ് കോർപ്പറേറ്റ് കൊള്ളക്കാർക്കും നൽകേണ്ട തുക ലോകബാങ്ക്, എഡിബി തുടങ്ങിയ പുത്തൻ കൊളോണിയൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ കടപ്പത്രങ്ങൾ വിറ്റോ ജനങ്ങളുടെമേൽ ഫീസുകളും നികുതികളും ചുമത്തിയോ കണ്ടെത്തുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും ഉമ്മൻഭരണത്തിന്റെ മുന്നിലില്ല. 10 ശതമാനം പലിശ നിരക്കു കണക്കാക്കിയാൽ 40 വർഷംകൊണ്ടു് ഇപ്പോൾ ഉമ്മൻ ഭരണം മുടക്കുന്ന 5000ത്തിലധികം കോടി രൂപ രണ്ടേകാൽ ലക്ഷം കോടി രൂപയുടെ കടമായി ഭാവി തലമുറയുടെ ചുമലിൽ വന്ന് ചേരും. പൊറുക്കാനാവാത്ത അപരാധമാണിത്.

എന്നാൽ അദാനിയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള പണം നൽകാനായി പൊതുമേഖലാ ബാങ്കുകൾ ക്യൂ നിൽക്കുന്നതാണ് നിലവിലുള്ള ബാങ്കിങ്ങ് വ്യവസ്ഥ. ആസ്ട്രേലിയയിലെ പസിഫിക് മഹാസമുദ്ര തീരത്തുള്ള ക്വീൻസ്‌ലാന്റ് പ്രദേശത്ത് ലോകത്തേറ്റവും വലിയ കൽക്കരി ഖനനപദ്ധതി ആരംഭിക്കാനുള്ള ഉടമ്പടി ഒപ്പുവെക്കാൻ മോദിയും അദാനിയും പോയപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെയർപേഴ്സൺ അരുന്ധതി ഭട്ടാചാര്യയും അനുഗമിച്ചത് 6000 കോടി രൂപ വെറും ഗുഡ്‌വിൽ അടിസ്ഥാനത്തിൽ ബാങ്കിൽനിന്നും അദാനിക്കു നൽകാൻ വേണ്ടിയായിരുന്നു. (പരിസ്ഥിതി പ്രസ്ഥാനങ്ങളുടെയും ആദിവാസി സംഘടനകളുടെയും എതിർപ്പുമൂലം അദാനിയുടെ ആസ്ട്രേലിയൻ പദ്ധതി പുഴുങ്ങിയെന്നാണ് അറിയുന്നത്). തന്റെ കോർപ്പറേറ്റ് സാമ്രാജ്യം കെട്ടി

പ്പടുക്കുന്നതിനിടയിൽ പൊതുമേഖലാ ബാങ്കുകളിൽ നിന്നും അദാനിയെടുത്തതിൽ 65000 കോടി രൂപയോളം കിട്ടാക്കടമായി അവശേഷിക്കുന്നു എന്ന റിപ്പോർട്ടുകളുണ്ട്. പൊതുമേഖലാ ബാങ്കുകൾക്ക് കോർപ്പറേറ്റുകളിൽ നിന്നും കിട്ടാനുള്ള മൂന്നര ലക്ഷം കോടി രൂപ കേന്ദ്ര സർക്കാർ എഴുതിത്തള്ളിയകാര്യം കഴിഞ്ഞ ലക്കം 'സഖാവി' ൽ സൂചിപ്പിച്ചിരുന്നു. അതേ കോർപ്പറേറ്റുകളെ പാവപ്പെട്ടവരുടെ കടം പിടിച്ചെടുക്കാനുള്ള ക്വട്ടേഷത്തലവന്മാരായി സ്റ്റേറ്റ് ബാങ്ക് കേരളത്തിൽ നിയമിച്ച കാര്യം ചർച്ചയാണല്ലോ. അതായത്, കേരളസർക്കാരിന് പണം നൽകാൻ തയ്യാറല്ലാത്ത പൊതുമേഖലാ ബാങ്കുകൾ അദാനിയെപ്പോലുള്ള കോർപ്പറേറ്റ് കുത്തകകൾക്ക് യാതൊരു ഈടുമില്ലാതെ എത്രകോടി പണം വേണമെങ്കിലും തരപ്പെടുത്തുന്ന ദേശവിരുദ്ധ കാലത്താണ് നമ്മൾ ജീവിക്കുന്നത്.

ഇതുകൂടാതെ, കേരളത്തിലെ പ്രതിപക്ഷ നേതാവ് സ. അച്യുതാനന്ദൻ ചൂണ്ടിക്കാട്ടിയതുപോലെ ഭൂമിയിനത്തിൽ 3000 കോടി രൂപയുടെ സമ്പത്ത് തുടക്കത്തിൽ തന്നെ അദാനിയുടെ നിയന്ത്രണത്തിലാകും. നികത്തിയെടുക്കാൻ പോകുന്ന സ്ഥലത്തെപ്പറ്റി ഏകദേശ വിവരം മാത്രമെ ലഭ്യമായിട്ടുള്ളൂ. അത് 130 ഏക്കറാണെന്നും അതല്ല, 180 ഏക്കറാണെന്നും പറയുന്നു. വിഴിഞ്ഞത്ത് കാലുറപ്പിക്കുന്നതോടെ അദാനി ഗുജറാത്തിൽ ചെയ്തതുപോലെ കവർന്നെടുക്കാൻ പോകുന്ന ഭൂമി ഒട്ടും കുറവായിരിക്കില്ല. ഇപ്പോൾ ഉമ്മൻ സർക്കാർ ഏറ്റെടുത്തു നൽകാൻ പോകുന്ന 220 ലധികം ഏക്കറും നികത്തിയെടുക്കാൻ പോകുന്ന ഭൂമിയും ഉൾപ്പെടെ 352 ഏക്കറോളം ഭൂമി പ്രായോഗികമായി അദാനിയുടെ ഉടമസ്ഥതയിലാകും. ഇപ്പോഴത്തെ കമ്പോളവിലയനുസരിച്ചാണ് മേൽ സൂചിപ്പിച്ച 3000 കോടി അദാനിയുടെ കയ്യിലായി എന്നു പറയുന്നത്. എന്നാലിപ്പോഴത്തെ ഉടമ്പടി പ്രകാരം മൂന്നിലൊന്ന് ഭൂമി റിയൽ എസ്റ്റേറ്റ് കച്ചവടത്തിനുള്ളതാണ്. അതുപ്രകാരം 1000 കോടിരൂപ തുടക്കത്തിലേ അദാനിക്ക് സ്വന്തമായി കഴിഞ്ഞു. ഇവിടെ, ഗുജറാത്തിൽ അദാനി നടത്തിയ റിയൽ എസ്റ്റേറ്റ് പരിപാടി സൂചിപ്പിക്കേണ്ടതുണ്ട്. അവിടെ ചതുരശ്രമീറ്ററിന് 45 സെന്റ്സ് (ഒരു ഡോളർ = 100 സെന്റ്സ്. ഇപ്പോഴത്തെ നിരക്കുപ്രകാരം 45 സെന്റ്സ് 30 രൂപയ്ക്കു തുല്യം) എന്ന നിരക്കിലാണ് സർക്കാർ അദാനിക്ക് ഭൂമി നൽകിയത്. അദാനിയാകട്ടെ പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് ചതുരശ്ര മീറ്ററിന് 11 ഡോളർ (715 രൂപ) എന്ന നിരക്കിൽ അതു മറിച്ചുവിറ്റു. ഈ റിയൽ എസ്റ്റേറ്റ് ഇടപാടിലൂടെ അദാനിയുടെ ലാഭം 25 ഇരട്ടി വർദ്ധിച്ചുവെന്ന് ചുരുക്കം. വിഴിഞ്ഞത്തും ഭൂമി കച്ചവടത്തിലൂടെ അദാനി ആയിരക്കണക്കിനു കോടികൾ അടിച്ചുമാറ്റുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. എന്നുമാത്രമല്ല, ഗ്രാമങ്ങൾ കയ്യേറിയതിന്റെയും കണ്ടൽക്കാടുകൾ തകർത്തതിന്റെയും പേരിൽ ഗുജറാത്തിൽ കേസുകൾ നേരിടുന്ന കമ്പനി കൂടിയാണ് അദാനി. ആസ്ട്രേലിയയിലെ ഗോത്ര വർഗ്ഗക്കാരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും സംഘടനകൾ അദാനിക്കെതിരെ ഇതേ ആരോപണങ്ങളാണ് ഉയർത്തുന്നത്.

**ലാഭം വീതം വെക്കൽ**

സാങ്കല്പിക കഥയിൽ പോലും കേട്ടിട്ടില്ലാത്ത തരത്തിലുള്ള ലാഭം വീതം വെപ്പാണ് ഈ സ്വപ്നപദ്ധതിയിലുള്ളത്. മേൽ സൂചിപ്പിച്ച വിവരണത്തിൽ നിന്നും സ്വന്തം കീശയിൽ നിന്നും ഒരു പൈസ പോലും മുടക്കാതെ അദാനിക്ക് വിഴിഞ്ഞത്ത് ആധിപത്യമുറപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാണ്. എന്നാൽ ഏറെ കൗതുകകരമായ ലാഭ വീതം വെപ്പാണ് ഉടമ്പടിയിലുള്ളത്. ആയിരം ദിവസത്തിനുള്ളിൽ തുറമുഖം പ്രവർത്തിച്ചു തുടങ്ങുമെന്നാണ് ഉദ്ഘാടനത്തിൽ പങ്കെടുത്തവരുടെ വായിൽ വെള്ളമൂറവെ അദാനി വീമ്പിളക്കിയിരിക്കുന്നത്. കേരള സർക്കാരിനാകട്ടെ 15-ാം വർഷം മുതൽ ലാഭത്തിന്റെ ഒരു ശതമാനം ലഭിച്ചു തുടങ്ങും. 15 വർഷം വരെ 100 ശതമാനവും തുടർന്ന് 99 ശതമാനവും ലാഭം അദാനിക്കുള്ളതാണ്. അതായത്, 7525 കോടി രൂപ (ഇത് തുടക്കത്തിലുള്ള മിതമായ കണക്ക്) യിൽ 69 ശതമാനം പ്രത്യക്ഷമായി (ബാക്കി വരുന്ന 31 ശതമാനം അദാനി മുടക്കുന്നുവെന്ന് അവകാശപ്പെടുന്നതും പൊതുസമ്പത്തു തന്നെയാണ്) മുടക്കുന്ന കേരളസർക്കാരിന് 15-ാം വർഷം മുതൽ ഒരു ശതമാനവും 31 ശതമാനം മുടക്കുന്നുവെന്നവകാശപ്പെടുന്ന അദാനിക്ക് 99 ശതമാനവും ലാഭം ഉറപ്പാക്കുന്ന വിചിത്രമായ ഉടമ്പടിയാണിത്. കോർപ്പറേറ്റ് സാമ്പത്തിക വിദഗ്ദ്ധർ ഇതേ സംബന്ധിച്ചും കണക്കെടുപ്പു നടത്തിയിരിക്കുന്നു. അതിൻ പ്രകാരം 15-ാം വർഷം കേരള സർക്കാരിനു കിട്ടുന്ന ഒരു ശതമാനം ലാഭം 93 കോടി രൂപയായിരിക്കും. കാര്യമായ മുടക്കൊന്നും നടത്താത്ത അദാനിക്ക് ആ വർഷം കിട്ടുന്നത് 9207 കോടി രൂപയായിരിക്കും! അവിശ്വസനീയമാണ് ഈ ലാഭവിഹിതമെന്ന് തോന്നാമെങ്കിലും ഉടമ്പടി പ്രകാരം ഇതാണു സത്യം. ഉമ്മൻ ഭരണം കേരളത്തിനു സമ്മാനിക്കുന്ന മഹത്തായ വികസനമാണിത്.

**പരിസ്ഥിതി വിനാശവും ഉപജീവന തകർച്ചയും**

പുലിമുട്ടിടുന്നതിനും കടൽഭിത്തി നിർമ്മാണത്തിനുമെല്ലാം 100 ലക്ഷം ടണ്ണോളം കരിങ്കല്ല് വേണ്ടിവരുമെന്നാണ് പല കേന്ദ്രങ്ങളും പറയുന്നത്. ചിലർ പറയുന്നത് 70 ലക്ഷം ടൺ കരിങ്കല്ല് മതിയാകുമെന്നാണ്. വാദത്തിനു വേണ്ടി അതു സമ്മതിച്ചാൽ തന്നെയും ഇതിനാവശ്യമായ പാറ എവിടെനിന്നു കൊണ്ടുവരുമെന്നതാണ് പ്രശ്നം. തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും നിന്നും പദ്ധതിക്കാവശ്യമായ കരിങ്കല്ല് കണ്ടെത്താനാണ് ഭാവമെങ്കിൽ ക്വാറി മാഫിയകളുടെ ആക്രമണത്തിൽ ഇതോടകം ജീവിതം അസാധ്യമായ ജനങ്ങൾ അതു നേരിടുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും അവശേഷിക്കുന്നില്ല. ഇപ്പോൾ തന്നെ നിരവധി കുന്നുകൾ തകർക്കപ്പെട്ടതിന്റെ പേരിൽ കുടിവെള്ളക്ഷാമമടക്കം കടുത്ത പരിസ്ഥിതി വിനാശം നേരിട്ടുകൊണ്ടിരിക്കുന്ന പ്രദേശമാണ് വിഴിഞ്ഞത്തോടു ചേർന്നുള്ള ഗ്രാമങ്ങൾ. തീരക്കടലിലും തീരദേശത്തും വിഴിഞ്ഞം പദ്ധതി സംജാതമാക്കാൻ പോകുന്ന അപരിഹാര്യമായ നാശമടക്കം വിവരണാതീതമായ ഒരു പാരിസ്ഥിതിക ദുരന്തത്തിലേക്കാണ് വിഴിഞ്ഞം വിരൽ ചൂണ്ടുന്നത്.

ഏകദേശം അരലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ വിഴിഞ്ഞം പ്രദേശത്തെ കടലിനെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നുണ്ട്. ഇവരുടെ ഉപജീവനത്തിന് ബദൽ സാധ്യതകളോ പുനരിധിവാസമോ അസാധ്യമാണ്. പുനരധിവാസമെന്നതുതന്നെ ഒരു തട്ടിപ്പാണെന്നത് ചരിത്രസത്യം. പദ്ധതി നിലവിൽ വരികയും പ്രവചിക്കുന്നതുപോലെ കാർഗോ നീക്കം നടക്കുകയും ചെയ്താൽ പ്രദേശമപ്പാടെ നിരോധിത മേഖലയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതോടെ മത്സ്യം പിടിക്കുന്നവർ ക്രിമിനൽ കുറ്റവാളികളായി മാറും. ഒരു ജനതയെ അഭയാർത്ഥികളും തെരുവു തെണ്ടികളുമാക്കി മാറ്റുന്ന കോർപ്പറേറ്റ് വികസനത്തിന്റെ നമ്മുടെ കൺമുന്നിലെ ഉദാഹരണമായി വിഴിഞ്ഞം മാറാൻ പോകുന്നു എന്നതാണ് വിഷയം. വല്ലാർപാടം കണ്ടെയ്നർ ടെർമിനലുമായി ബന്ധപ്പെട്ട് മൂലം പള്ളിയിലും മറ്റും നടന്ന താരതമ്യേന ചെറിയ കുടിയൊഴിപ്പിക്കലുകൾ വരുത്തിവെച്ച പ്രദേശവാസികളുടെ ദുരന്തം ഇപ്പോഴും തുടരുകയാണ്. അതിവിപുലമായ സമുദ്ര മേഖലകളും തീരപ്രദേശത്ത് 225 ചതുരശ്ര കിലോമീറ്റർ വരുന്ന അതിവിശാലമായ പ്രദേശവും അദാനിയെന്ന കോർപ്പറേറ്റ്ഭീമൻ ഭരണംനടത്തുന്ന പ്രത്യേക സാമ്പത്തിക മേഖലയായി മാറുമെന്നാണ് പറഞ്ഞു കേൾക്കുന്നത്. രാജ്യനിയമങ്ങൾ – തൊഴിൽ, പരിസ്ഥിതി, നികുതി നിയമങ്ങളും ക്രമസമാധാനവും–ബാധകമല്ലാത്ത കോർപ്പറേറ്റ് താവളങ്ങളായാണ് പ്രത്യേക സാമ്പത്തിക മേഖല കരുതപ്പെടുന്നത്. ഭീതിജനകമായ ഒരു ദുരന്തത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

### വിഴിഞ്ഞം പോർട്ടിന്റെ സാമ്പത്തിക സാധ്യതകൾ

വിഴിഞ്ഞം തുറമുഖം പൂർത്തീകരിക്കപ്പെടുന്ന പക്ഷം, അതിന്റെ കാർഗോ കൈമാറ്റ സാധ്യതകൾ വലിയ പ്രതീക്ഷയ്ക്കു വകനൽകുന്നതല്ലെന്ന് കാര്യഗൗരവമുള്ളവർ ഇതോടകം ചൂണ്ടികാട്ടിയിട്ടുണ്ട്. (ഉദാഹരണം സി ജെ രാജീവ് : ദുരന്തമാകുന്ന വിഴിഞ്ഞം പദ്ധതി, സഖാവ് 2015, ആഗസ്റ്റ് ലക്കം കാണുക) ഏറെ കൊട്ടിഘോഷങ്ങളോടെ നാലര വർഷം മുമ്പ് ആരംഭിച്ച വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പിപിപി പദ്ധതി കയ്യൊഴിയുമെന്നാണ് അതിന്റെ 'കറവ' റിയൽ എസ്റ്റേറ്റ് ഇടപാടിലൂടെയും മറ്റും ഇതോടകം ഊറ്റിയെടുത്തുകഴിഞ്ഞ ഡി പി വേൾഡ് ദുബായ് സന്ദർശനത്തിനിടയിൽ മോദിയെ അറിയിച്ചിരിക്കുന്നത്. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സിംഗിൾ ഓപ്പറേറ്റർ കണ്ടെയ്നർ ട്രാൻസിഷിപ്മെന്റ് ടെർമിനലായി മാറുമെന്നു പറഞ്ഞ് 3000 കോടി രൂപ ചെലവിൽ നാലര വർഷം മുമ്പ് രാജീവ് ഗാന്ധി പോർട്ട് ഡി പി വേൾഡ് എന്ന രാജ്യാന്തര (കാർഗോ മാനേജ്മെന്റിൽ അദാനിയെക്കാൾ അനുഭവപാരമ്പര്യമുള്ള) സ്വകാര്യക്കുത്തകയ്ക്ക് അടിയറ വെക്കുകയും കായലിന് മുകളിലൂടെ എട്ടര കിലോമീറ്റർ റെയിൽ പാളവും നിരവധി കുടുംബങ്ങളെ കുടിയിറക്കി ദേശീയ പാതയും നിർമ്മിക്കുകയും മറ്റും ചെയ്ത ആ പദ്ധതിക്ക് പ്രവർത്തനശേഷിയുടെ മൂന്നിലൊന്ന് മാത്രമേ ഇതുവരെ കൈവരിക്കാനായിട്ടുള്ളൂ എന്ന കാര്യം കേരളത്തിലെ ഭരണമുന്നണി മാത്രമല്ല, പ്രതിപക്ഷ മുന്നണിയും ചർച്ച ചെയ്യുന്നില്ല. വല്ലാർപാടം പദ്ധതിയുടെ മറവിൽ ആയിരം കോടി രൂപയോളം വിലവരുന്ന ഭൂമി 72 കോടി രൂപക്ക് യൂസഫലി അടിച്ചെടുത്തതും പദ്ധതി സ്ഥലത്തെ ഭൂമി ചാർട്ടേർഡ് ബാങ്കിനു പണയപ്പെടുത്തി ഡിപി വേൾഡ് ആയിരം കോടി അടിച്ചുമാറ്റിയതും മറ്റും ഇതിനിടയിൽ സുഗമമായി നടന്നു. ഡിപി വേൾഡ് വിദേശ കോർപ്പറേറ്റ് കമ്പനി നടത്തിപ്പുകാരായതിനാൽ ദുബായിലെയും കൊളംബോയിലെയും സിംഗപ്പൂരിലെയും കാർഗോ കൈമാറ്റത്തിന്റെ ഒരു ഭാഗം വല്ലാർപാടത്തേക്ക് തിരിയുമെന്നും മറ്റുമുള്ള കൊട്ടിഘോഷങ്ങളുണ്ടായതുമാത്രം മിച്ചം. ഇപ്പോഴത്തെ കണക്കു പ്രകാരം പ്രതിവർഷം ശരാശരി 100 കോടി രൂപ നഷ്ടത്തിലാണ് വല്ലാർപാടം പ്രവർത്തിക്കുന്നത്. അതേ സമയം വല്ലാർപാടം മെയിന്റനൻസിന്റെ ഭാരിച്ച ബാധ്യതമൂലം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കടം 400 കോടി രൂപ കവിഞ്ഞുവെന്നും കേൾക്കുന്നു. തുറമുഖത്തെ തൊഴിലാളികൾ പെരുവഴിയിലാകുകയും ചെയ്തിരിക്കുന്നു. വല്ലാർപാടം വൻ പരാജയമായിരിക്കുന്ന, കൊട്ടിഘോഷിച്ച വികസനമൊന്നും കടന്നു വരാതെ വിനാശം മാത്രം സമ്മാനിച്ചിരിക്കുന്ന ഈ വേളയിൽ വല്ലാർപാടത്തിന്റെ കാര്യത്തിൽ നിരത്തിയ സ്വപ്നങ്ങൾ ആവർത്തിച്ചുകൊണ്ട് വിഴിഞ്ഞം പദ്ധതി കേരളത്തെ വികസനത്തിലേക്കു നയിക്കുമെന്ന് പറയുന്നതിനു പിന്നിൽ ദേശവിരുദ്ധ കോർപ്പറേറ്റ് താല്പര്യങ്ങളല്ലാതെ മറ്റെന്താണ്?

2008 ലാരംഭിച്ച ലോക സാമ്പത്തികമാന്ദ്യം അതീവ ഗുരുതരമായി ഇപ്പോഴും തുടരുകയാണ്. ഇതിന്റെ ഭാഗമായി ചരക്കുഗതാഗതം വൻതോതിൽ ഇടിഞ്ഞു. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ സ്റ്റീൽ, ചെമ്പ്, റബർ, പെട്രോളിയം തുടങ്ങിയ വ്യവസായത്തിന്റെ അടിസ്ഥാന നിവേശങ്ങളുടെ വില 50 ശതമാനത്തിലധികം ഇടിഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മയും അപ വ്യവസായ വൽക്കരണവും ശക്തിപ്പെടുമ്പോഴും ഭൂമിയുടെയും പ്രകൃതി വിഭവങ്ങളുടെയും നിയന്ത്രണം കയ്യടക്കിയും ഊഹമേഖലകൾ വികസിപ്പിച്ചും റിയൽ എസ്റ്റേറ്റ് ഇടപാടുകൾ നടത്തിയും കോർപ്പറേറ്റുകൾ അവരുടെ ലാഭവും സമ്പത്തും പലമടങ്ങു വർദ്ധിപ്പിക്കുന്നതായി സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. എന്നുമാത്രമല്ല, ഭൂമി കവർന്നെടുക്കലിലും പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നതിലും ഊഹപ്രവർത്തനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതുമായ കുത്തകകൾ മാത്രമാണ് തഴച്ചു വളരുന്നത്. പഴയ ഗണത്തിൽ പെടുന്ന കുത്തകകളുടെ സ്ഥാനത്ത് അദാനി, അംബാനി പോലുള്ള ഇന്ത്യൻ കോർപ്പറേറ്റുകളുടെ നവ ഉദാരീകരണകാലത്തെ അസാധാരണമായ വളർച്ച ഈ പശ്ചാത്തലത്തിൽ തിരിച്ചറിയേണ്ടതുണ്ട്. ഇവർ നടത്തുന്നത് വികസനമല്ല, വിനാശമാണ്. അതിനു കൂട്ടുനിൽക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ ജനദ്രോഹികളും ദേശദ്രോഹികളുമാണ്. ജനപക്ഷവികസനത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ ഈ രാഷ്ട്രീയ തിരിച്ചറിവ് കൂടിയേ തീരൂ. ●●

[redacted]